


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA PHONE: 8234

വാല്യം 5 | 1984 സെപ്റ്റംബർ 30 | ലക്കം 31


# ഭദ്രാസന വളർച്ചയ്ക്ക് പിന്നിൽ വൈദികരുടെ ത്യാഗപൂർണ്ണ സേവനം: മാർ മക്കാറിയോസ്

ഷേബാലി

അമേരിക്ക, അമേരിക്കൻ ഭദ്രാസനത്തിൻെറ വിപുലമായ വളർച്ചയ്ക്കു പിന്നിൽ ഭദ്രാസനത്തിലെ വൈദികരുടെ ത്യാഗനിർഭരമായ സേവനമാണുള്ളതെന്ന് ഡോ: തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

സെപ്തംബർ 3—ന് ഫിലാഡൽഫിയായിലെ സെൻറ് മേരീസ് പള്ളിയിൽ ചേർന്ന ഭദ്രാസനപ്പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്താ.

സഭയുടെ ഇതര ഭദ്രാസനങ്ങളെപ്പോലെ ശമ്പള പദ്ധതി നിലവിലില്ലാതിരുന്നിട്ടുകൂടി മററുള്ളവരെപ്പോലെ ജോലി നോക്കി ഇടവക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വൈദികരെ എത്രകണ്ടു ശ്ലാഘിച്ചാലും മതിയാവില്ല ! മെത്രാപ്പോലീത്താ എടുത്തുപറഞ്ഞു.

യോഗത്തിൽ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്ക്കോപ്പാ പ്രസംഗിച്ചു.

ഭദ്രാസന സെക്രട്ടറി ഫാ ടി. എ. തോമസ് അവതരിപ്പിച്ച റിപ്പോർട്ടും കണക്കും യോഗം പാസാക്കി. പുതിയ സാമ്പത്തിക വർഷത്തേക്കുള്ള 2,38,000 രൂപയുടെ ബജററ് സഭ അംഗീകരിച്ചു.

ഫാ. സി. ജെ. ജോൺസൺ ഭദ്രാസന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. രാജു എം. വർഗീസ് (ഭദ്രാസന ട്രസ്റ്റി), ഫിലിപ്പോസ് വട്ടശേരിൽ (ഓഡിററർ), ഫാ. ജേക്കബ് ഫിലിപ്പ്, ഫാ. സി. എം. അലക്സാണ്ടർ, ഡോ. തോമസ് ജോൺ, പി. എ. ഡേവി, മാത്യ വർഗീസ്, തോമസ് ജോസഫ് (കൗൺസിൽ അംഗങ്ങൾ)

ഇടവക വികാരി ഫാ. സി. ജെ. ജോൺസൺ സ്വാഗതവും ഭദ്രാസന സെക്രട്ടറി ഫാ. ടി. എ. തോമസ് കൃതജ്ഞതയും പറഞ്ഞു. യോഗത്തിൽ അറുപതോളം അംഗങ്ങൾ പങ്കെടുത്തു.

## കലാ മത്സരങ്ങൾ

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടുന്ന വാർഷിക കലാമത്സരങ്ങൾ ഈ വർഷം നവം. 8—ാം തീയതി ചൊവ്വാഴ്ച കോട്ടയം സ്റ്റുഡൻറ് സെൻററിൽ വച്ചു നടത്തുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ശാഖകളിലെ അംഗങ്ങൾക്കു മാത്രമേ, മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് സ്റ്റുഡൻറ് സെൻറർ,കോട്ടയം—686 001 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

# സ്ത്രീ കുടുംബത്തിൻെറ വിളക്ക്: മാർ എപ്പിഫാനിയോസ്

ഷേബാലി

ന്യൂയോർക്കു്; വേദപുസ്തകാടിസ്ഥാനത്തിൽ സ്ത്രീ എക്കാലവും കുടുംബത്തിൻെറ വിളക്കാണെന്നും, വിളക്കണഞ്ഞാൽ കുടുംബം അന്ധകാരത്തിലമരുമെന്നും മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ പ്രസ്താവിച്ചു.

ന്യൂയോർക്കിലെ ക്വീൻസ് ഓർത്തഡോക്സ് പള്ളിയിൽ സെപ്തംബർ 10–ന് ചേർന്ന ഭദ്രാസന മർത്തമറിയം സമാജാംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു എപ്പിസ്ക്കോപ്പാ.

ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. തോമസ് മുണ്ടുകുഴി കോർ എപ്പിസ്ക്കോപ്പാ ക്ലാസ് നയിച്ചു.

പുതിയ വർഷത്തേക്കുള്ള ഭാരവാഹികളായി ഫാ. ജേക്കബ് ഫിലിപ്പ് (വൈ. പ്രസിഡൻറ്), റെബേക്കാ മാത്യ (സെക്രട്ടറി) തങ്കമ്മ രാജൻ (ട്രഷറാർ) റേച്ചൽ രാജൻ, സാറാമ്മ ഫിലിപ്പ്, മിസസ് ജോൺ, ശാന്തമ്മ റാഫേൽ, ഏലിയാമ്മ ഈപ്പൻ, തങ്കമ്മ മത്തായി, ഓമന ദാനിയേൽ, മറിയാമ്മ കുന്നേൽ, മറിയാമ്മ തോമസ്, ലിസി വർഗീസ് (കമ്മററിയംഗങ്ങൾ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

വിവിധ ഇടവകകളിൽനിന്നായി ഇരുനൂറോളം സമാജാംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

# രാഷ്ട്രത്തിനുവേണ്ടി ഉപവാസ ധ്യാനം

പ്രത്യേക ലേഖകൻ

തിരുവല്ല: ഭാരതം ഇന്നഭിമുഖീകരിക്കുന്ന പ്രകൃതിക്ഷോഭം, ആഭ്യന്തര സംഘർഷം, അക്രമ രാഷ്ട്രീയം, തൊഴിലില്ലായ്മ, വിഘടനവാദം, തുടങ്ങിയ സങ്കീർണ്ണ പ്രശ്നങ്ങൾക്ക് മോചനം ആഗ്രഹിച്ചുകൊണ്ട്, ഇമാം സുവാർത്താമിഷൻേറയും, നിരണം ഭദ്രാസനത്തിലെ പ്രാർത്ഥനാ സമാജങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ തിരുവല്ലാ പാലിയേക്കര സെൻറ് ജോർജ് പള്ളിയിൽ ഒക്ടോബർ 19, 20, 21 തീയതികളിൽ ഉപവാസ ധ്യാനയോഗം നടത്തുന്നതാണ്.

പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. കെ. വി. ജോൺ, ഇമാം സുവാർത്താമിഷൻ ഡയറക്ടർ പോൾ സിനി രാജ് മുഹമ്മദ് എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നല്കും. എല്ലാ ദിവസവും രാവിലെ 9 മണിയ്ക്കു യോഗം ആരംഭിക്കും. മൂന്നു മണിയ്ക്കു അവസാനിക്കും.

# മലങ്കര അസോസിയേഷൻ: തീയതി നിശ്ചയിക്കുന്നു

പ്രത്യേക ലേഖകൻ

കോട്ടയം: മലങ്കര അസോസിയേഷൻ മഹാസമ്മേളനത്തിൻെറ സ്ഥലം; തീയതി ഇവ നിശ്ചയിക്കുന്നതിനു സഭാമാനേജിംഗ് കമ്മററിയുടെ ഒരു പ്രത്യേക യോഗം ഒക്ടോബർ 20–ാം തീയതി പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ കൂടുന്നതാണ്. അസോസിയേഷൻ അജണ്ടായും മാനേജിംഗ് കമ്മററി നിശ്ചയിക്കും.

1988–'89ലേക്കുള്ള സപ്ലിമെൻററി ബജററ് മാനേജിംഗ് കമ്മററിയിൽ അവതരിപ്പിച്ച് പാസാക്കും. സമുദായ വരവു ചിലവുകളും പരുമല സെമിനാരിയുടെ വരവും ചിലവുകളും പരിശോധിക്കുന്നതിനു ഓഡിററെ നിയമിക്കുക; പബ്ളിക് അക്കൗണ്ട്സ് കമ്മററിയുടെ മാതൃകയിലുള്ള പരിശോധനാ കമ്മററി രൂപീകരിക്കുക, പ: ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജത ജൂബിലി ആഘോഷങ്ങൾക്ക് രൂപം നൽകുക എന്നിവയാണ് മാനേജിംഗ് കമ്മററിയുടെ അജണ്ടായിലെ മററു പ്രധാന വിഷയങ്ങൾ.

# അമേരിക്കയിൽ ഭദ്രാസന കേന്ദ്രം: 70 ലക്ഷം രൂപാ സമാഹരിക്കുന്നു. നീലാങ്കൽ കോർ എപ്പിസ്ക്കോപ്പാ കൺവീനർ

ഷേബാലി

അമേരിക്ക: അമേരിക്കൻ ഭദ്രാസനത്തിൻെറ പത്താം വാർഷികത്തോടനുബന്ധിച്ച് 70 ലക്ഷം രൂപാ ചിലവു വരുന്ന ഒരു ഭദ്രാസന കേന്ദ്രം നിർമ്മിക്കുവാൻ ഭദ്രാസനപ്പൊതുയോഗം തീരുമാനിച്ചിരിക്കുന്നു.

1979 ജനുവരി 1 നു പരിശുദ്ധ ബാവാ തിരുമനസ്സിലെ കല്പന പ്രകാരം നിലവിൽ വന്ന അമേരിക്കൻ ഭദ്രാസനത്തിൽ ഉണ്ടായിരുന്ന 12 കോൺഗ്രിഗേഷ കളുടെ സ്ഥാനത്തു് ഇന്നു് 38 ഇടവകകളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളതു്.

തോമസ് മുണ്ടുകുഴി കോർ എപ്പിസ്കോപ്പാ എം. ഇ. ഇട്ടൂക്കുള കോർ എപ്പിസ്കോപ്പാ, പി. വി. കോശി കോർ എപ്പിസ്കോപ്പാ, ഡോ. കുര്യൻ തോട്ടുപുറം കോർ എപ്പിസ്കോപ്പാ, ഫാ. യോഹന്നാൻ പണിക്കർ, ഫാ. പി. ജി. ലോനപ്പൻ, ഫാ. സി. എം. അലക്സാണ്ടർ, യോഹന്നാൻ, ശങ്കരത്തിൽ കോർ എപ്പിസ്കോപ്പാ, ഫാ. പി. സി. ഗീവർഗീസ്, ഫാ. സി. ദാനിയേൽ, ഫാ. കെ. ജി. ദാനിയേൽ, ഫാ. ഫിലിപ്പ് ജേക്കബ്, ഫാ. ജോൺ മാത്യൂസ്, ഫാ. ബി. കെ. മാത്യൂസ്, ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പാ ഫാ. എ. കെ. ചെറിയാൻ, ഫാ. ജേക്കബ് ഫിലിപ്പ്, ഫാ. ജോയി ശ്ലീബി, ഫാ. ടി. എ. തോമസ്, ഫാ. ഫാ. ടി. എം. സഖറിയാ, ഫാ. കെ. സി. മാത്യ, ഫാ. ജോർജ്ജ് കോശി, ഫാ. സി. കെ. രാജൻ, ഫാ. ചെറിയാൻ കുന്നേൽ, ഫാ. സി. ജെ. ജോൺസൺ, ഫാ. ജോൺ കുന്നത്തുശ്ശേരിൽ, ഫാ. ഗീവർഗീസ് അരൂപ്പാല, ഫാ. എം. ററി. ഫിലിപ്പ്, ഫാ. വി. പി. സഖറിയ, ഫാ ജോൺ ഗീവർഗീസ്, ഫാ. കോശി ജോൺ ഫാ. പൗലൂസ് ആദായി, ഫാ. യേശുദാസൻ, ഫാ. ജോർജ്ജ് ദാനിയേൽ എന്നിവരാണ് അമേരിക്കൻ ഭദ്രാസനത്തിൽ ഇപ്പോൾ സേവനം അനുഷ്ഠിച്ചു വരുന്നതു്.

ഭദ്രാസന കേന്ദ്ര നിർമ്മാണ ഫണ്ടു പിരിവിനു ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പായെ യോഗം കൺവീനറായി നിയമിച്ചു.

എം. ഇ. ഇട്ടൂക്കുള കോർ എപ്പിസ്ക്കോപ്പാ ഫാ. കെ. മത്തായി, ഫാ. ബാബു. കെ. മാത്യ, ഫാ. പി.സി. ഗീവറുഗീസ്, ഫാ. ടി. എ. തോമസ്, ഫാ. സി. ജെ. ജോൺസൺ, ഫാ. സി എം. അലക്സാണ്ടർ, ഫാ. ജേക്കബ് ഫിലിപ്പ്, രാജു എം.വർഗീസ്,

(ശേഷം 6–ാം പേജിൽ)

# കെ.സി.സി: ഓർത്തഡോക്സ് സഭാപ്രതിനിധികളെ നോമിനേററ് ചെയ്തു

(പ്രത്യേക ലേഖകൻ)

കോട്ടയം: കേരളാ ക്രിസ്ത്യൻ കൗൺസിലിൻെറ ജനറൽ ബോഡി യോഗത്തിൽ പങ്കെടുക്കുവാനുള്ള ഓർത്തഡോക്സ് സഭാപ്രതിനിധികളെ നോമിനേററു ചെയ്തുകൊണ്ട് പരിശുദ്ധബാവാ തിരുമനസ്സുകൊണ്ട് കല്പന പുറപ്പെടുവിച്ചു.

ഫിലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പാ, റവ. ഡോ. ബേബി വറുഗീസ്, ഡീക്കൻ ഷാജിമാത്യു, പോൾ മത്തായി (സമുദായ സെക്രട്ടറി) പോൾ മണലിൽ (മലയാള മനോരമ); എലിസബേത്തു് ജേക്കബ്; സൂസൻ ജോർജ്ജ് എന്നിവരാണ് പ്രതിനിധി സംഘത്തിലുൾപ്പെട്ടിട്ടുള്ളത്.

ഡിസംബർ 27 മുതൽ 29 വരെ തീയതികളിൽ മാവേലിക്കരയിൽ വച്ചാണ് ഇത്തവണ കെ.സി.സിജനറൽ ബോഡി യോഗം നടക്കുക.



കുഴിമററം സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ പ. പരുമലത്തിരുമേനിയുടെ നാമത്തിൽ നിർമ്മിക്കുന്ന കുരിശും തൊട്ടിയുടെ ശിലാസ്ഥാപനം പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിർവഹിക്കുന്നു. വികാരി ഫാ. ഈ. കെ. ജോർജ്ജ് ഇഞ്ചക്കാട്ടാണ് സമീപം.

## എട്ടുനോമ്പ് ആഘോഷിച്ചു

തിരുവല്ല: പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ എട്ടുനോമ്പ് ആഘോഷങ്ങൾക്ക് തോമസ് മാർ തീമോത്തിയോസ്; ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ്; ഗീവർഗീസ് മാർ ഈവാനിയോസ്; ഫിലിപ്പോസ് മാർ യൗസേബിയോസ്; എന്നീ മെത്രാപ്പോലീത്തൻമാർ നേതൃത്വം നൽകി. തെയോഫോറോസ് റമ്പാൻ ബർശെനേ റമ്പാൻ; ബർശ്ലീബാ റമ്പാൻ; ഫാ: മത്തായി ഒ. ഐ. സി; ഫാ: കെ.വി.ജോൺ;ഡീ: കെ.ഏ. ഏബ്രഹാം; ഡീ: ബന്നി; ഡീ: റോയി; കെ. എം. മാത്യു, ചിന്നമ്മ ചാക്കോ എന്നിവർ വിവിധ ദിവസങ്ങളിൽ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകി.

## കോർ എപ്പിസ്-കോപ്പാ സ്ഥാനം നൽകി

പാറക്കോട്: ഓർത്തഡോക്സ് വലിയപള്ളി വികാരി ഫാ: സി. പി. മാത്യൂസിന് കടയ്ക്കാമൺ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽവച്ച് നിയുക്ത കാതോലിക്ക മാത്യൂസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി. മലബാർ ഭദ്രാസനത്തിൻെറ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു.

## ഒ. വി. ബി. എസ്. പ്രവർത്തനം ആരംഭിച്ചു

കോട്ടയം: ഒ. വി. ബി. എസ്. 1989 ലേക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. 'നിൻെറ രാജ്യം വരേണമേ' എന്നതായിരിക്കും മുഖ്യ ചിന്താവിഷയം. വിഷയത്തോടു ബന്ധപ്പെട്ടതും അല്ലാതെയുമുള്ള ചെറിയ ഗാനങ്ങൾ ഗാനരചനയിൽ താല്പര്യമുള്ളവർ ഒക്ടോബർ 31-ന് മുമ്പ് കേന്ദ്ര ഓഫീസിൽ കിട്ടത്തക്കവണ്ണം അയക്കേണ്ടതാണെന്ന് ഒരു ഔദ്യോഗിക അറിയിപ്പിൽ ആവശ്യപ്പെടുന്നു. വിവിധ ഭാഷകളിലുള്ള ഗാനങ്ങൾക്ക് മുൻഗണന നല്കുന്നതാണ്.

## ദിവ്യബോധനം: പുതിയ ബാച്ച് ആരംഭിക്കുന്നു

കോട്ടയം: 1989 ജനുവരിയിൽ ദിവ്യബോധനം പഠനപദ്ധതിയുടെ പുതിയ ബാച്ച് ആരംഭിക്കുന്നതാണ്. തപാൽ വഴിയായും, ഇടവക യൂണിററുകൾ വഴിയായും പഠനം നടത്താവുന്നതാണ്. കോഴ്സിൽ ചേർന്നു പഠിക്കുന്നവർക്ക് പാഠപുസ്തകങ്ങൾ സൗജന്യനിരക്കിൽ നൽകുന്നതാണ്. താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് സെമിനാരി, പി.ബി. 98 കോട്ടയം-1 എന്നവിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

## ധ്യാനയോഗം

മണർകാട്: ഇമാം സുവാർത്താ മിഷൻെറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 12 മുതൽ 17 വരെ മണർകാട് ഇമാം നഗറിൽ ധ്യാനയോഗം നടത്തി. സി. വി. ജോർജ് കോർ എപ്പിസ്കോപ്പാ, ഫാ. ജോസ് പെരുമാൾ, ഫാ. മാത്യു വൈദ്യൻ; ഫാ. മത്തായി; ഫാ. സഖറിയാ പണിക്കശ്ശേരി; പി. എസ് ജേക്കബ്; പോൾ സിനി രാജ് മുഹമ്മദ് എന്നിവർ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നല്കി.

തുടർന്ന് എല്ലാ ചൊവ്വാഴ്ചയും പകൽ 10 മണി മുതൽ ഒരു മണിവരെ ഉപവാസ പ്രാർത്ഥനകൾ ഉണ്ടായിരിക്കുന്നതാണ്.

## ഉദ്ഘാടനം ചെയ്തു

ചങ്ങനാശേരി: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ചങ്ങനാശേരി യൂണിററിൻെറ ഈ വർഷത്തെ പ്രവർത്തനത്തിൻെറ ഉദ്ഘാടനം സെപ്തംബർ 18-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ചങ്ങനാശേരി എസ്. ബി. കോളേജ് പ്രൊഫ. ഫാ. റേറാം കുന്നംപുറം നിർവഹിച്ചു.

യോഗത്തിൽ ഡീക്കൻ ജേക്കബ് കോശി, കെ. സി. സഖറിയ, ചെറിയാൻ വറുഗീസ് (മേഖലാ സെക്രട്ടറിമാർ) റജി ഫിലിപ്പ് റെബേക്കാ വറുഗീസ് എന്നിവർ പ്രസംഗിച്ചു. ചാക്കോ വറുഗീസ് സ്വാഗതവും ജെസ്സി എ. മാത്യു കൃതജ്ഞതയും പറഞ്ഞു.

## കുരിശുവഞ്ചിക കൂദാശചെയ്തു

തിരുവല്ല: പാലിയേക്കര സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിക്കുവേണ്ടി ചന്ദ്രവിരുത്തിൽ സി. വി. വറുഗീസ് തൻെറ പിതാവ് വറുഗീസിൻെറ (അദ്ധ്വാനി കുഞ്ഞപ്പൻ) സ്മരണയ്ക്കായി പണികഴിപ്പിച്ചിട്ടുള്ള കുരിശുവഞ്ചികയുടെ കൂദാശ ഒക്ടോബർ രണ്ടാം തീയതി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തി.

(1-ാം പേജിൽനിന്നും തുടർച്ച)

ഫിലിപ്പോസ് വട്ടശേരിൽ, ഡോ. തോമസ് ജോൺ, മാത്യു വർഗ്ഗീസ്, പി. എ. ഡേവി, തോമസ് ജോസഫ്, പോൾ മത്തായി, കോശി വൈദ്യൻ, ജോൺ ചാക്കോ, ജോസ് തോമസ്, തോമസ് കുര്യൻ, ദാനിയേൽ ജോർജ്ജ്, വർഗീസ് തോമസ് എന്നിവരായിരിക്കും കമ്മററി അംഗങ്ങൾ.







Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038